## തീവണ്ടികളിലെ ഭക്ഷണം

# കുടുംബശ്രീക്ക് സഹായവുമായി റെയിൽവേ

കെ.ആർ. പ്രഹ്ലാദൻ

**പത്തനംതിട്ട:** റെയിൽവേ ഭക്ഷണവിതരണത്തിൽ കുടുംബശ്രീക്ക് കൂടുതൽ സാധ്യത തെളിയുന്നു. ഭക്ഷണവിതരണമേഖലയിൽ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് റെയിൽവേ കൂടുതൽ സഹായവും സഹകരണവും പ്രഖ്യാപിച്ചു.

സാധ്യത പരമാവധി പ്രയോജനപ്പെടുത്തുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ പറഞ്ഞു. നിലവിൽ എറണാകുളം നോർത്ത്, സൗത്ത് സ്റ്റേഷൻ കേന്ദ്രീകരിച്ച് മാത്രമാണ് കുടുംബശ്രീ ഇ-കാറ്ററിങ് സേവനം നൽകുന്നത്. ശബരിമല തീർഥാടകർക്കായി ചെങ്ങന്നൂർ സ്റ്റേഷനിലും ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

എറണാകുളത്തെ ഇ-കാറ്ററിങ് സംവിധാനത്തിൽ ദിവസം ശരാശരി 15 ഓർഡറുകൾ ലഭിക്കുന്നുണ്ട്. കേരളത്തിന്റെ നാടൻ ഭക്ഷണമാണ് ഇതിന്റെ ആകർഷണം. റെയിൽവേയുടെ പുതിയ നയപ്രകാരം ഇത്തരം വനിതാസംഘങ്ങളെ ഐ.ആർ.സി.ടി.സി. വെബ്സൈറ്റുമായി ബന്ധിപ്പിക്കും. നബാർഡ് ഇതിനുവേണ്ട മാർക്കറ്റിങ് സഹായങ്ങൾ ഉറപ്പാക്കും.

വനിതാ സംഘങ്ങൾക്ക് ഓൺലൈനിൽ ഭക്ഷണവില്പന നടത്തുന്നതിന് നബാർഡ് പ്രത്യേക വെബ്സൈറ്റ് ഒരുക്കും. യാത്രക്കാരന് കുടുംബശ്രീ പോലുള്ള സംഘങ്ങളുടെ എല്ലാ ഉത്പന്നങ്ങളും ഈ സൈറ്റ് വഴി ബുക്കുചെയ്യാം. റെയിൽവേയുടെ ഡി, ഇ വിഭാഗത്തിലുള്ള സ്റ്റേഷനുകളിൽ സ്വയംസഹായസംഘങ്ങൾക്ക് മുൻഗണനനൽകും. കേരളം മുഴുവൻ ഭക്ഷണം നൽകാനുള്ള ശൃംഖലയാണ് കുടുംബശ്രീയുടെ സാധ്യത വർധിപ്പിക്കുന്നത്.



# പുറംകരാർ ബാധ്യതയാകുന്നു

ടിജോ ജോസ്

**തൃശ്ശൂർ:** റെയിൽവേയിൽ ഭക്ഷണവിതരണം സ്വകാര്യമേഖലയെ ഏല്പിച്ചത് യാത്രികർക്ക് തിരിച്ചടിയായി. ഗുണമില്ലാത്ത ഭക്ഷണവും കുപ്പിവെള്ളവും ഇരട്ടിവിലയ്ക്ക് വാങ്ങേണ്ട ഗതികേടിലാണ് യാത്രികർ.

വണ്ടി പുറപ്പെടുന്ന സ്ഥലത്തുനിന്ന് ഓർഡർ എടുത്ത് ഭക്ഷണം വിതരണം ചെയ്തശേഷം ഏതെങ്കിലും സ്റ്റേഷനിൽ ഇവർ ഇറങ്ങിപ്പോകും. ഭക്ഷണം മോശമായാൽ യാത്രികന് പരാതിപ്പെടാൻ അവസരമില്ല. ഉത്തരവാദിത്വപ്പെട്ടവർ ആരും വണ്ടിയിൽ ഉണ്ടാകില്ല. സ്വകാര്യകമ്പനികളുടെ ഭക്ഷണവിതരണമായതിനാൽ റെയിൽവേക്കും ഉത്തരവാദിത്വമില്ല.

രാത്രിവണ്ടികളിലെ യാത്രികരാണ് കൂടുതൽ വിഷമിക്കുന്നത്. കോച്ചുകളിലും പ്ലാറ്റ്ഫോമുകളിലും വിതരണംചെയ്യുന്ന ഭക്ഷണത്തിന്റെ നിലവാരം പരിശോധിക്കാൻ പ്രധാനസ്റ്റേഷനുകളിൽ രണ്ട് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനമുണ്ട്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളുടെ ഭക്ഷണവിതരണം ഇവരുടെ നിയന്ത്രണത്തിൽ വരില്ല.

പരാതികൾക്കുമുന്നിൽ റെയിൽവേ അധികൃതർ കണ്ണടയ്ക്കുകയാണ് പതിവെന്ന് ഇരിങ്ങാലക്കുട സ്വദേശിയും സ്ഥിരം തീവണ്ടിയാത്രികനുമായ ആർ. രാമചന്ദ്രൻ പറയുന്നു.

### പി.പി.പി.യുടെ മറവിൽ

ഭക്ഷണവിതരണമടക്കം തിരഞ്ഞെടുത്ത മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി), നേരിട്ടുള്ള വിദേശനിക്ഷേപം (എഫ്.ഡി.ഐ.) എന്നീ പദ്ധതികൾ പ്രകാരം സ്വകാര്യസ്ഥാപനങ്ങൾക്ക് കൈമാറിയതാണ് തട്ടിപ്പിന് കളമൊരുക്കുന്നത്. ഇന്ത്യൻ റെയിൽവേ കാറ്ററിങ് ആൻഡ് ടൂറിസം കോർപ്പറേഷൻ (ഐ.ആർ.സി.ടി.സി.) വഴി ലേലംചെയ്താണ് പ്ലാറ്റ്ഫോമിലെ കടകൾ നൽകുന്നത്. മെട്രോ നഗരങ്ങൾക്ക് സമാനമായി ഐ.ആർ.സി.ടി.സി. നിശ്ചയിക്കുന്ന തുകയ്ക്കാണ് ലേലം.

### ചെറുകടകൾ പൂട്ടുന്നു

തൃശ്ശൂർ സ്റ്റേഷനിൽ ഒരു ഭക്ഷണവിതരണശാല 35,000 രൂപ പ്രതിദിന വാടകയ്ക്കാണ് സ്വകാര്യസ്ഥാപനം ഏറ്റെടുത്തത്. അതേസമയം വാടകതാങ്ങാനാവാതെ തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലെ ചെറുകടകളിൽ ഏറെയും പൂട്ടി. മുമ്പ് മുപ്പതിലേറെ സ്റ്റാളുകളുണ്ടായിരുന്ന സ്റ്റേഷനിൽ ഇപ്പോൾ 12 എണ്ണമാണുള്ളത്. പരാതിപ്പെട്ടാലും ഭക്ഷണവിതരണരംഗത്തെ ചൂഷണത്തിനെതിരെ നടപടിയെടുക്കാൻ റെയിൽവേയിൽ സംവിധാനമില്ലാത്തതാണ് തട്ടിപ്പുകൾക്ക് വഴിവെയ്ക്കുന്നതെന്ന് റെയിൽവേ മസ്ദൂർ യൂണിയൻ ഡിവിഷണൽ സെക്രട്ടറി എസ്. ഗോപീകൃഷ്ണ പറയുന്നു.

മാതൃഭൂമി Fri, 23 December 2016
digitalpaper.mathrubhumi.com/c/15564596



# Want to stay healthy? Have a 'Green Bite'

EXPRESS NEWS SERVICE @T'Puram

ON a weight loss regimen? Or simply want to eat healthy without much strain on your purse? Kudumbashree's 'Green Bite' may be of help.

An assortment of cut fruits - apple, strawberry, papaya, pineapple, pomegranate - along with honey, carrot and cashew nuts, 'Green Bite' will be made available by Kudumbashree for just ₹ 40 a bowl.

Apart from apple and pomegranate, other fruits and vegetables have been cultivated organically by Kudumbashree members. Strawberry, pineapple, cashew nuts and honey are sourced from Kudumbashree units in Idukki, Ernakulam, Kasargod and Pathanamthitta.

"Green Bite is being introduced with the aim of promoting healthy food among the public and also to devise a new career option for women," Kudumbashree Executive Director S Harikishore said.

The cut fruits and vegetable bowl would be of much help to employees of various offices who are unable to bring lunch from home. Kudumbashree has identified employees of Technopark, Secretariat and banks as their potential customers.

'Green Bite' will also be of help to those on a strict diet plan due to lifestyle diseases such as hypertension and diabetes. While the 'Green Bite' bowl will be available for ₹ 40, those who want it packed will have to shell out ₹ 10 extra. Kudumbashree has also devised delivery options for 'Green Bite'.

Those who book the fruit bowl in advance will get it delivered on location at the time of their choice. No advance booking charge will be levied and the money will be collected strictly against door delivery.

As a pilot project, around 200 mixed fruit bowls will be distributed in the Local Self Government Minister's office and the Kudumbashree State Mission office in the capital.

The members of Sabarmathi unit of Kudumbashree at Kadinamkulam grama panchayat in the capital have been tasked with the preparation and distribution of the mixed fruit and vegetable bowl.

THE NEW INDIAN EXPRESS Fri, 23 December 2016
epaper.newindianexpress.com/c/15569487